**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2712** **12.03.2018 ൽ മറുപടിയ്ക്ക്**

**കേരള ലാൻഡ് ബാങ്ക് പദ്ധതി**

| **ചോദ്യം**<br>**ശ്രീ.വി.ഡി.സതീശൻ** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|
| കേരള ലാൻഡ് ബാങ്ക് പദ്ധതി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ച് വിശദമാക്കാമോ? | സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേക പൂർവ്വം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008 ൽ രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് www.kslb.kerala.gov.in എന്ന ഇ മെയിൽ വിലാസത്തിൽ അപ് ലോഡ് ചെയ്തിട്ടുള്ളതുമാണ്.<br>നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതും മറ്റ് ജില്ലകളിലും കൂടി സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും വേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ ടിയാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കി കൊടുക്കുന്നതുമായുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമികൾ ചുറ്റുമതിൽ / കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ